പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.101 — 03..12.2015 ൽ മറുപടിയ്ക്ക്.

## നെൽവയൽ നീർത്തട സംരക്ഷണ നിയമ ഭേദഗതി

ചോദ്യം — ഉത്തരം

ശ്രീ.ബാബു എം. പാലിശ്ശേരി :
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ആന്റ് (ബി) | 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) നിയമത്തിന് അനുബന്ധമായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആക്ടിന്റെ പ്രാരംഭത്തിന് മുമ്പുള്ള ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റ് ഏതെങ്കിലും ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തു- |
| (ബി) | ഏത് രീതിയിലുള്ള ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കയോ, രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ 1959-ലെ കേരള മുദ്രപത്ര ആക്ടിന്റെ (1959-ലെ 17) 28 എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവി-ലയുടെയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കി-ക്കൊണ്ട് അങ്ങനെയുള്ള രൂപാന്തര-പ്പെടുത്തലോ, പരിവർത്തനപ്പെടു-ത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്നതര-ത്തിലാണ് ഭേദഗതി വരുത്തിയിട്ടു-ള്ളത്. |
| (സി) | ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് നടത്തിയ-തെന്നും എന്തൊക്കെയാണ് നിർദ്ദേശങ്ങളെന്നും വ്യക്തമാ-ക്കുമോ; | (സി) | ഇല്ല. |
| (ഡി) | വ്യവസായ ആവശ്യങ്ങൾക്കും മറ്റുമായി പത്ത് ഏക്കർവരെയുള്ള | (ഡി) | പൊതുആവശ്യത്തിന്റെ പരിധി-യിൽപ്പെടുത്തി 4.04 ഹെക്ടറോ |

| | | | |
|---|---|---|---|
| | വയൽ നികത്തുന്നതിന് തീരുമാനിച്ചിരുന്നോ; പിന്നീട് ഈ തീരുമാനം മാറ്റുകയുണ്ടായോ; തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | | അതിൽ കൂടുതലോ നെൽവയലുകൾ നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ അനുമതി നൽകുന്നതിന് ആലോചിച്ചിരുന്നു. ഇക്കാര്യത്തിൽ തീരുമാനത്തിനായി മന്ത്രിസഭ മുമ്പാകെ പ്രസ്തുത കാര്യം വിഷയീഭവിച്ചപ്പോൾ തീരുമാനമെടുക്കാതെ നിർദ്ദേശം പിൻവലിക്കുകയുണ്ടായി. |
| (ഇ) | നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതും, പാരിസ്ഥിതികാഘാത മുണ്ടാക്കുന്നതുമായ നടപടികളിൽ നിന്ന് പിന്തിരിയാൻ തയ്യാറാകുമോയെന്ന വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിറുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുആവശ്യത്തിനായി മേൽപ്പറഞ്ഞ രീതിയിൽ നെൽവയലുകൾ നികത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഉദ്ദേശിച്ച വേളയിൽ പോലും അത്തരത്തിൽ അപേക്ഷ സമർപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ ആ പ്രദേശത്ത് നെൽവയൽ അല്ലാതെ മറ്റേതെങ്കിലും സ്ഥലം പ്രസ്തുത ആവശ്യത്തിനായി ലഭ്യമാണോയെന്നും നെൽവയൽ നികത്തുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയ ശേഷം മാത്രമെ പ്രസ്തുത കാര്യത്തിൽ തീരുമാനമെടുക്കാവൂ എന്ന കാര്യം നിഷ്കർഷിക്കുവാൻ ഉദ്ദേശിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ